**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2964** **14-02-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള വിവിധ പദ്ധതികളിലെ കേന്ദ്ര സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | 2016-ൽ മുൻസർക്കാർ നിലവിൽ വന്ന കാലം മുതൽ നാളിതുവരെ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്കായി കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന വിവിധ പദ്ധതികളിൽ കേന്ദ്ര സഹായം നിർത്തലാക്കുകയോ കുറവ് വരുത്തുകയോ ചെയ്തിട്ടുള്ളത് ഏതൊക്കെ പദ്ധതികളിലാണെന്നും എന്തൊക്കെ കുറവുകൾ / നിർത്തലാക്കലുകൾ ആണ് ഉണ്ടായിട്ടുള്ളതെന്നും പദ്ധതി തിരിച്ച് വ്യക്തമാക്കുമോ? | (എ) | **പട്ടികജാതി വികസന വകുപ്പ്**<br><br>**100%** കേന്ദ്രാവിഷ്കൃത പദ്ധതികളായിരുന്ന പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്, പ്രീമെട്രിക് സ്കോളർഷിപ്പ് - കംപോണന്റ് **I & II** എന്നീ പദ്ധതികൾ **40%** സംസ്ഥാന വിഹിതം**, 60%** കേന്ദ്ര വിഹിതം എന്ന രീതിയിൽ പുന**:**ക്രമീകരിച്ചിട്ടുണ്ട്**.**<br><br>**PM-AJAY** എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ **Grants-in-aid** ഘടകത്തിന് കേന്ദ്രസഹായം ലഭിക്കുന്നുണ്ട്**.** എന്നാൽ **2021-22, 2022-23** എന്നീ വർഷങ്ങളിൽ ടി പദ്ധതിപ്രകാരം ധനസഹായം ലഭിക്കുന്നതിന് പ്രൊപ്പോസൽ കേന്ദ്രത്തിന് നൽകിയിരുന്നെങ്കിലും കേന്ദ്രസഹായം ലഭിച്ചിരുന്നില്ല**.**<br><br>**2023-24 – 2025-26** എന്നീ കാലയളവിലേയ്ക്ക് നൽകിയ **Perspective plan proposal** അംഗീകരിച്ച് നടപ്പ് വർഷം കേന്ദ്രസഹായത്തിന്റെ ആദ്യഗഡുവായി **2,82,80,399/-**രൂപ സംസ്ഥാനത്തിന് കേന്ദ്രം നൽകിയിട്ടുണ്ട്**.**<br><br>**100%** കേന്ദ്രാവിഷ്കൃത പദ്ധതിയായി നടപ്പിലാക്കിയിരുന്ന **upgradation of Merit** എന്ന പദ്ധതികേന്ദ്രസർക്കാർ നിർത്തലാക്കിയതിനെത്തുടർന്ന് **2020-21**<br><br>മുതൽ സംസ്ഥാനത്ത് നടപ്പാക്കുന്നില്ല**.**<br><br>**പട്ടികവർഗ്ഗ വികസന വകുപ്പ്**<br><br>2016 മുതൽ നാളിതുവരെ പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്രസഹായം ലഭിക്കുന്ന പദ്ധതികളൊന്നും നിർത്തലാക്കിയിട്ടില്ല. എന്നാൽ ചില പദ്ധതികൾ മറ്റു ചില പദ്ധതികളുമായി സംയോജിപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗ ഉപപദ്ധതിയുടെ പ്രത്യേക കേന്ദ്ര സഹായം (SCA to TSP) അനുവദിക്കുന്ന പദ്ധതി 2022 -23 മുതൽ PMAAGY എന്ന പേരിൽ പുനർനാമകരണം ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ മാർഗ്ഗ നിർദേശ പ്രകാരം പട്ടികവർഗ്ഗ ജനസംഖ്യ കൂടുതലുള്ള പ്രദേശത്ത് മാത്രമാണ് ധനസഹായം അനുവദിക്കുന്നത്.<br><br>പ്രത്യേക ദുർബല വിഭാഗക്കാരുടെ ഉന്നമനത്തിനായുള്ള പി.വി.ടി.ജി -കൺസർവേഷൻ കം ഡവലപ്മെൻറ് പ്ലാൻ എന്ന പദ്ധതിയെ 2023 -24 വർഷം മുതൽ PM-JANMAN (പ്രധാനമന്ത്രി ജൻജതി ആദിവാസി ന്യായമഹാ അഭിയാൻ) എന്ന പേരിൽ പുനർനാമകരണം ചെയ്തിട്ടുണ്ട്.<br><br>എന്നാൽ 75% കേന്ദ്ര വിഹിതവും 25 % സംസ്ഥാന വിഹിതവുമായിട്ടുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി 2021-22 മുതൽ കേന്ദ്രവിഹിതം ലഭ്യമായിട്ടില്ല. അതുപോലെ 9,10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ് അനുവദിക്കുന്നതിനായും 2022-23 മുതൽ കേന്ദ്ര വിഹിതം ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ